**ചോദ്യോത്തരം**

**മുജീബ്**

# ഏതു ഹിന്ദുമതം?

*■ "ഹിന്ദുമതം ഇസ്‌ലാം മതം പോലെയോ ക്രിസ്തുമതം പോലെയോ ഉള്ള മതമല്ല. അതൊരു ജീവിതരീതിയാണ്. സംസ്കാരമാണ്. മറ്റു മതങ്ങളെ അംഗീകരിക്കാനുള്ള സഹിഷ്ണുത അടിസ്ഥാനമായ മതമാണ്. അതാണ് ഹിന്ദു സംസ്കാരം. മറ്റു രാജ്യങ്ങൾക്ക് കാണിച്ചുകൊടുക്കാവുന്ന ഒന്നാണത്. അതുതന്നെയാണ് ഇന്ത്യയുടെ ദേശീയതയും കോൺഗ്രസ്സിന്റെ മതവും. ഏതു വിശ്വാസിക്കും അവരുടെ മതത്തിൽ വിശ്വസിക്കാനും അതനുസരിച്ച് ജീവിക്കാനും പ്രചരിപ്പിക്കാനും അവകാശമുള്ള മതേതരത്വ സങ്കൽപമാണ് അതിന്റെ അടിത്തറ. അത് മാർക്സിയൻ ഭരണത്തിലോ മതാധിഷ്ഠിത ഭരണത്തിലോ ഇല്ലാത്ത മഹത്തായ ഗുണമാണ്. ഇന്ത്യ ഹിന്ദുക്കൾ മാത്രമുള്ള രാജ്യമായിരുന്നു. ഇന്നത്തെ അഹിന്ദുക്കളെല്ലാം മതംമാറിയവരാണ്. സെന്റ് തോമസും മിഷനറിമാരും മതപ്രചാരണത്തിനു വന്നപ്പോൾ ഹിന്ദു രാജാക്കന്മാർ അവരെ സ്വീകരിക്കുകയും അവസരം കൊടുക്കുകയും ചെയ്തു. കേരളത്തിൽ പലേടത്തും കുരിശുകൾ നാട്ടാൻ ഹിന്ദു രാജാക്കന്മാർ അനുമതി നൽകി. ഏഴാം നൂറ്റാണ്ടിൽ അറബികൾ വന്നപ്പോൾ ഹിന്ദു രാജാക്കന്മാർ അവരെയും സ്വീകരിച്ചു. സാമൂതിരി അവരെ കുടിയിരുത്തി സ്ഥാനപ്പേര് നൽകി. മതംമാറാനുള്ള സ്വാതന്ത്ര്യം വരെ അനുവദിച്ചു. ഇത് ലോകത്ത് മറ്റെവിടെയും സാധ്യമല്ല. ഹിന്ദുമതത്തിന്റെ സഹിഷ്ണുതാ സംസ്കാരമാണ് ഇതിന് കാരണം.*

*ആ മതത്തിൽ ഭീകരതക്കോ തീവ്രവാദത്തിനോ പ്രസക്തിയില്ല. ഹിന്ദുമതത്തിന്റെ സഹിഷ്ണുതയാണ് ആ സംസ്കാരം. അതാണ് നമ്മുടെ മതം. അതിന് ഭംഗംവരുത്താൻ ആര് ശ്രമിച്ചാലും അനുവദിക്കുകയില്ല"*

*കോൺഗ്രസ് വിചാർ വിഭാഗ് മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച 'ദേശീയതയുടെ മതം' സെമിനാർ ഉദ്ഘാടനം ചെയ്ത് ആര്യാടൻ മുഹമ്മദ്. മുജീബിന്റെ പ്രതികരണം?*

***ഹാശിം റഷീദ് ഉളിയിൽ***

**ച**രിത്രത്തിനും വസ്തുതകൾക്കും നിരക്കാത്തതാണ് ആര്യാടൻ മുഹമ്മദിന്റെ പ്രസ്താവന. ഇസ്‌ലാം ഇതര മതങ്ങളെപോലെ പാരമ്പര്യ മതമല്ല; കേവലം സംസ്കാരവുമല്ല. മതവും സംസ്കാരവും സാമ്പത്തിക രാഷ്ട്രീയ സാമൂഹിക തത്ത്വങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ ജീവിതദർശനമാണ്. മറ്റു വേദങ്ങളിൽനിന്ന് ഭിന്നമായി, മുഹമ്മദ് നബി(സ)യുടെ കാലം മുതൽ ഭദ്രവും സുരക്ഷിതവും ആധികാരികവുമായ വിശുദ്ധ ഖുർആൻ നിലവിലുണ്ട്. അത് സമാധാനവും സഹവർത്തിത്വവും സഹിഷ്ണുതയും വിളംബരം ചെയ്യുന്നു. പരമത നിന്ദയോ ജാതീയതയോ വംശീയതയോ ഇല്ലാത്ത വിശ്വമാനവികതയാണ് ഇസ്‌ലാമിന്റെ സന്ദേശം. പ്രവാചകന്റെ കാലത്ത് യഹൂദരും ക്രൈസ്തവരും അറേബ്യയിലുണ്ടായിരുന്നു. അവർക്കെല്ലാം അദ്ദേഹവും തുടർന്ന് ഖലീഫമാരും പൂർണ മതസ്വാതന്ത്ര്യം നൽകി. ആരെയും ബലപ്രയോഗത്തിലൂടെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല. റോമാ, പേർഷ്യ സാമ്രാജ്യങ്ങൾ മുസ്‌ലിംകൾക്ക് കീഴടങ്ങിയ ശേഷവും അവയുടെ കോളനികൾക്ക് പൂർണ സുരക്ഷയും മതസ്വാതന്ത്ര്യവും കരാറിലൂടെ ഉറപ്പാക്കി. ഏഴ് നൂറ്റാണ്ടിലധികം മുസ്‌ലിം ഭരണമായിരുന്നു യൂറോപ്യൻ രാജ്യമായിരുന്ന സ്പെയിനിൽ. അക്കാലമത്രയും ഇസ്‌ലാം ആ രാജ്യത്ത് ന്യൂനപക്ഷ മതം തന്നെയായി അവശേഷിക്കുകയായിരുന്നു. ഇസ്‌ലാമിക തത്ത്വങ്ങളോട് കണിശമായ പ്രതിബദ്ധതയില്ലാതിരുന്നിട്ടു കൂടി നൂറ്റാണ്ടുകൾ നീണ്ട മുസ്‌ലിം ഭരണത്തിൽ ഇന്ത്യയിലും ഇസ്‌ലാം ന്യൂനപക്ഷ മതം തന്നെയായിരുന്നു. ഇന്നും ഇന്തോനേഷ്യ മുതൽ മൊറോക്കോ വരെയുള്ള മുസ്‌ലിം നാടുകളിൽ അമുസ്‌ലിം ന്യൂനപക്ഷങ്ങളുണ്ട്. അവരൊക്കെ മതപീഡനം അനുഭവിക്കുകയാണോ? ചരിത്രമോ വർത്തമാനകാല യാഥാർഥ്യങ്ങളോ പഠിക്കാതെയാണ് ആര്യാടൻ ഇസ്‌ലാമിനെ ഇകഴ്ത്തിക്കാട്ടിയത്. ഭൂരിപക്ഷ വോട്ടുബാങ്കാണ് ലക്ഷ്യമെങ്കിൽ അത് കാര്യം വേറെ.

ഇനി ഹിന്ദുമതത്തിന്റെ കാര്യം. ചരിത്രാതീതകാലത്തെ സനാതന ധർമത്തെകുറിച്ചാണ് പറയുന്നതെങ്കിൽ അതേപറ്റി നല്ലത് വിചാരിക്കുകയല്ലാതെ കൃത്യമായ നിഗമനങ്ങളിലെത്താൻ മാധ്യമങ്ങ

ളില്ല. എന്നാൽ ആര്യന്മാരുടെ അധിനിവേശം മുതൽ തുടരുന്ന ഒരു ബ്രാഹ്മണ മതം ഹിന്ദുത്വത്തിന്റെ പേരിലുണ്ട്. അതിന്റെ മൗലികത തന്നെ അസഹിഷ്ണുതയാണ്. മനുഷ്യരെ പിറവിയുടെ അടിസ്ഥാനത്തിൽ നാലായി തിരിക്കുകയും മുജ്ജന്മ ചെയ്തികളുടെ പേരിൽ 'ഹീനജാതികളെ' ശാശ്വതമായി ശിക്ഷിക്കുകയും ചെയ്യുന്ന മതമാണത്. അനേകായിരം ജാതികളായി സ്വന്തം സമൂഹത്തെ വിഭജിച്ച് അടിമത്തം മതവിശ്വാസമാക്കി മാറ്റിയതാണ് അതിന്റെ ചരിത്രവും വർത്തമാനവും. അഹിംസക്കും നീതിക്കുമായി രംഗപ്രവേശംചെയ്ത ബുദ്ധമതത്തെ ബ്രാഹ്മണമതം നാടുകടത്തുകയായിരുന്നു. സ്വാമി വിവേകാനന്ദനും മഹാത്മാഗാന്ധിയും അസ്പൃശ്യതക്കെതിരെ ആയുഷ്കാലം മുഴുവൻ പൊരുതിയിട്ടും, ഭരണഘടനാ ശിൽപിയായ ഡോ. അംബേദ്കർക്ക് പോലും പിറന്ന മതം ഉപേക്ഷിച്ചു ബുദ്ധമതത്തിൽ ചേക്കേറേണ്ടിവന്നു. ജാതിപീഡനത്തിൽ മനുഷ്യാവകാശം നിഷേധിക്കപ്പെട്ടവരാണ് സമത്വത്തിന്റെ ധർമമായ ഇസ്ലാമിൽ അഭയം തേടിയ ഹിന്ദുക്കളിൽ ഭൂരിഭാഗവും. ഇന്നും ഗുജറാത്തിലും ഒറീസയിലും കർണാടകയിലും മറ്റു പലേടത്തും ഹിന്ദുത്വവാദികൾ കാഴ്ചവെക്കുന്ന 'സഹിഷ്ണുത'യുടെ ഭീകരത ആര്യാടൻ മാത്രം കാണാതിരിക്കാൻ വഴിയില്ല. അതല്ല താനുദ്ദേശിക്കുന്ന ഹിന്ദുമതമെന്നാണ് വാദമെങ്കിൽ അക്കാര്യം ആര്യാടൻ തുറന്നു പറയണം. പക്ഷേ, മുസ്ലിം വർഗീയതക്കും തീവ്രവാദത്തിനുമെതിരെ വാതോരാതെ സംസാരിക്കാറുള്ള കോൺഗ്രസ് നേതാവ് ഹിന്ദുത്വ ഭീകരതക്കും വർഗീയതക്കുമെതിരെ ശബ്ദമുയർത്തിയ അനുഭവം ഗവേഷണത്തിന് വിധേയമാക്കേണ്ടിവരും.

## ബംഗ്ലാദേശിലെ അനുഭവം

■ *മുസ്ലിം ഭൂരിപക്ഷ രാജ്യമായ ബംഗ്ലാദേശിൽ ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബംഗ്ലാദേശിലെ ജനകീയവും കേഡർ ഘടനയുള്ളതുമായ ആദർശ പ്രസ്ഥാനം എന്നറിയപ്പെടുന്ന ജമാഅത്തെ ഇസ്ലാമിക്ക് ആകെ ലഭിച്ചത് 2 സീറ്റ് മാത്രം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ച 18 സീറ്റിൽ 16 സീറ്റും നഷ്ടമായി. ഭരണത്തിലിരുന്ന് ഗ്രാമവികസനമടക്കമുള്ള സുപ്രധാന വകുപ്പുകളിലൂടെ ഒട്ടനവധി ജനസേവനങ്ങൾക്ക് അവസരം ലഭിച്ചിട്ടും മുസ്ലിം ഭൂരിപക്ഷ രാജ്യത്തുപോലും ഇസ്ലാമിക രാഷ്ട്രീയ ഘടനയും പാർട്ടികളും പൊതുജന സ്വീകാര്യത നേടാതിരിക്കാൻ എന്താണ് കാരണം? ഈ അവസ്ഥ നിലവിലുള്ളപ്പോഴും ഇന്ത്യയെ പോലുള്ള ഒരു രാജ്യത്ത് ഇസ്ലാമിക അടിത്തറയിലും കാഴ്ചപ്പാടിലും പ്രവർത്തിക്കുന്ന ആദർശ രാഷ്ട്രീയം ഇന്ത്യൻ ജനതക്ക് സ്വീകാര്യമാകുമെന്ന് എന്തടിസ്ഥാനത്തിലാണ് ജമാഅത്തെ ഇസ്ലാമി വിശ്വസിക്കുന്നതും രാഷ്ട്രീയ പാർട്ടി രൂപീകരിച്ച് പ്രവർത്തിക്കാൻ ഇറങ്ങിത്തിരിക്കുന്നതും?*

***പാക്കത്ത് മുഹമ്മദ് അലനല്ലൂർ***

**ബം**ഗ്ലാദേശിൽ ജനസമ്മതി നേടുന്നതിൽ പരാജയപ്പെട്ട ബീഗം ഖാലിദ സിയയുടെ മുന്നണി ഭരണപങ്കാളിയായിരുന്നു ജമാഅത്തെ ഇസ്ലാമി. ജമാഅത്ത് ഒറ്റക്ക് ചെയ്ത സേവനങ്ങളെ നിഷ്പ്രഭമാക്കുന്നതായിരുന്നു ബി.എൻ.പി-ജാതീയ പാർട്ടി ടീമിന്റെ അഴിമതി വാഴ്ച. മറുപക്ഷത്ത് സംഘടനയുടെ അസ്തിത്വം തന്നെ നിരാകരിക്കുന്ന തീവ്ര മതേതര അവാമിലീഗ് അല്ലായിരുന്നെങ്കിൽ ജമാഅത്ത് ബി.എൻ.പി മുന്നണി വിട്ടുപോരേണ്ടതായിരുന്നു. തെരഞ്ഞെടുപ്പ് ആസന്നമായപ്പോൾ നേതാവ് മുതീഉർറഹ്മാൻ നിസാമിയെ അകാരണമായി തടവിലിട്ട സംഭവവും ഉണ്ടായി. കൂടാതെ മതസംഘടനകളിൽ ഉൾപ്പെടുത്തി ജമാഅത്തിന്റെ തെരഞ്ഞെടുപ്പ് പ്രവേശനത്തെയും ഇടക്കാല സർക്കാർ തടഞ്ഞു. സാഹസപ്പെട്ട് അവസാന നിമിഷങ്ങളിലാണ് പാർട്ടിക്ക് മത്സരരംഗത്തിറങ്ങാനായത്. ബി.എൻ.പി മുന്നണിയിലുണ്ടായിരുന്ന ജാതീയ പാർട്ടി കാലുമാറുകയും ചെയ്തു. എന്നിട്ടും മുൻ തെരഞ്ഞെടുപ്പിലേതിനേക്കാൾ എട്ട് ലക്ഷം വോട്ട് ജമാഅത്തെ ഇസ്ലാമിക്ക് വർധിക്കുകയാണുണ്ടായത്. സീറ്റുകൾ കുറഞ്ഞത് ജനപ്രീതി നഷ്ടപ്പെട്ടതിന്റെ സാക്ഷ്യമല്ല. വോട്ട് കൂടിയാലും സാങ്കേതികമായി സീറ്റ് കുറയാം. അതേസമയം പുതുതായി വോട്ടവകാശം ലഭിച്ച 30 ശതമാനം യുവ സമ്മതിദായകർ ജമാഅത്തിനെ കൈയൊഴിഞ്ഞു എന്ന് കരുതാൻ ന്യായമുണ്ട്. അതിന്റെ കാരണങ്ങൾ പഠിക്കേണ്ടതാണ്. മാറ്റങ്ങൾ വേണ്ടത്ര ഉൾക്കൊള്ളാൻ കഴിയാതെ പോയതാണെങ്കിൽ തുർക്കിയിലെ എ.കെ.പിയുടെ വൻ വിജയത്തിന്റെ രഹസ്യങ്ങൾ വിശകലന വിധേയമാക്കാൻ ബംഗ്ലാദേശ് ജമാഅത്തിന് സാധിക്കണം. തീവ്രമതേതര തുർക്കിയിൽ പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാൻ ഏറ്റവും ഒടുവിൽ ഇസ്രയേലിന്റെ ഗസ്സ ആക്രമണത്തിനെതിരെ ആർജവമുള്ള നിലപാടെടുത്ത കാരണത്താൽ അദ്ദേഹത്തിന്റെ ജനപ്രീതി 80 ശതമാനമായി ഉയർന്നു എന്നു കൂടി ഓർക്കണം. ഇസ്ലാമിക പ്രസ്ഥാനങ്ങൾക്ക് മാതൃക ബംഗ്ലാദേശോ പാകിസ്താനോ മാത്രമല്ലല്ലോ.

ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ അജണ്ട ഇലക്ഷനോ അധികാരലബ്ധിയോ അല്ല, പ്രബോധനവും സംസ്കരണവും ജനസേവനവുമാണ്. ഈ ദൗത്യത്തിൽ മുഴുകെ രാജ്യത്തെ മാറുന്ന അന്തരീക്ഷം മതനിരപേക്ഷ ജനാധിപത്യത്തിനും ന്യൂനപക്ഷ സുരക്ഷക്കും നീതിക്കും അനുകൂലമാക്കാനുതകുന്ന രാഷ്ട്രീയ നിലപാടുകളും തന്ത്രങ്ങളും സ്വീകരിക്കുന്നു. രാഷ്ട്രീയ പാർട്ടി രൂപവത്കരണവും അതിന്റെ ഭാഗമാണ്. ഇക്കാര്യത്തിൽ മുസ്ലിം ഭൂരിപക്ഷ നാടുകൾ മാതൃകയല്ല.

## കുൽദീപ് നയാറുടെ ഭീതി

■ *"ഖാലിദസിയയുടെ സർക്കാറിൽ പങ്കാളിയായിരുന്ന ജമാഅത്തെ ഇസ്ലാമി മതഭ്രാന്തും തീവ്രവാദവും കൊണ്ട് വിമോചന പോരാട്ടത്തിന്റെ സത്തയായ ജനാധിപത്യ ബഹുസ്വര സമൂഹം എന്ന ആശയത്തെ അട്ടിമറിച്ചതായി കരുതപ്പെടുന്നു. ഈ പാർട്ടി മതിയാവോളം അപകടമുണ്ടാക്കിക്കഴിഞ്ഞു. അവർ 60000 മദ്റസകളും 9000 കിന്റർ ഗാർട്ടനുകളും തുറന്നു കഴിഞ്ഞു" (കുൽദീപ് നയാർ,* മാതൃഭൂമി *26.1.09).*

*ഇന്ത്യയിലും അധികാരത്തിനു വേണ്ടി പാർട്ടിയുണ്ടാക്കാൻ പോകുന്ന ജമാഅത്തെ ഇസ്ലാമിയുടെയും സ്വരൂപം ഇതുതന്നെയായിരിക്കുമോ?*

***എം.ഐ മുഹമ്മദലി***
***പള്ളിലാംകര, കളമശ്ശേരി***

**രാ**ജ്യത്തേറ്റവും മുതിർന്ന, തികഞ്ഞ മതേതര പ്രതിബദ്ധതയുള്ള പത്രപ്രവർത്തകനാണ് കുൽദീപ് നയാർ. എങ്കിലും ഇസ്ലാമിക പാർട്ടികളുടെ നേരെ അദ്ദേഹത്തിന്റെ സമീപനം മുൻവിധി വേണ്ടത്ര കലർന്നതും പക്ഷപാതപരവുമാണ്. ബംഗ്ലാദേശ് ജമാഅത്തെ ഇസ്ലാമി തീവ്രവാദി മതഭ്രാന്തൻ സംഘടനയായിരുന്നെങ്കിൽ അതെങ്ങനെ മുൻ തെരഞ്ഞെടുപ്പിൽ 18 സീറ്റുകളോടെ അധികാരത്തിൽ പങ്കാളിയായി എന്ന് നയാർ ആലോചിക്കുന്നില്ല. അത്തരമൊരു പാർട്ടിയെ കൂടെ നിർത്തി ബീഗം ഖാലിദസിയ എങ്ങനെ വൻഭൂരിപക്ഷത്തോടെ ഭരണം പിടിച്ചെടുത്തു എന്നും ചിന്തിക്കുന്നില്ല. ജയിക്കു

മ്പോൾ മിതവാദപരവും തോൽക്കുമ്പോൾ തീവ്രവാദപരവുമാവുന്ന ആദർശമോ പ്രത്യയശാസ്ത്രമോ ഉണ്ടോ? അധികാര പങ്കാളിത്തത്തിന് ശേഷവും, ഇന്ത്യൻ മീഡിയയുടെ സഹായത്തോടെ ആവാമി ലീഗ് നടത്തിയ ഏകപക്ഷീയ പ്രോപഗണ്ടയല്ലാതെ, ബംഗ്ലാദേശ് ജമാഅത്ത് ജനാധിപത്യവ്യവസ്ഥയെ അട്ടിമറിച്ചതിന് തെളിവുകളില്ല. അതിനാൽ പ്രതികൂല സാഹചര്യങ്ങളിലും പാർട്ടിയുടെ പോപ്പുലർ വോട്ട് വർധിക്കുകയേ ചെയ്തുള്ളൂ. ബംഗ്ലാദേശിൽ ജമാഅത്തെ ഇസ്‌ലാമിക്ക് സ്‌കൂളുകളും കെ.ജികളും മാത്രമല്ല പലിശരഹിത സഹകരണ സ്ഥാപനങ്ങളും കർഷക സഹായ സംരംഭങ്ങളുമൊക്കെ വേണ്ടത്രയുണ്ട്. ജനപക്ഷം ചേർന്നു പ്രവർത്തിച്ചാലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് തെറിയും പഴിയും ബാക്കി; എന്ത് ജനദ്രോഹം ചെയ്താലും കപട മതേതരത്വത്തിന്റെ ബാനറുണ്ടായാൽ അഴിമതി പാർട്ടികൾക്ക് ബലേ ഭേഷ്. ഇതാണ് മതേതര സമൂഹത്തിന്റെ നീതിബോധം!

## സ്വൂഫികളുടെ സേവനം

■ *“ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാം പ്രചരിച്ചത് സ്വൂഫീ മാർഗത്തിലൂടെയാണെന്ന് മുൻ കേന്ദ്രവ്യോമയാന മന്ത്രി സി.എം ഇബ്‌റാഹീം അഭിപ്രായപ്പെട്ടു. എസ്.വൈ.എസ്സും രിസാല സ്റ്റഡീ സർക്കിളും ജിദ്ദയിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രവാചകൻ പ്രകാശിച്ചുകൊണ്ടിരിക്കുന്ന വിളക്കാണെന്നാണ് ഖുർആൻ വിശേഷിപ്പിച്ചത്.”*

*“പ്രവാചകനിൽനിന്ന് പകർത്തിയ ദീപത്തിന്റെ പ്രകാശമാണ് നമ്മുടെ കൈകളിലെന്നും ലോകത്താകമാനം പ്രകാശം പരത്തേണ്ട ആ ദീപത്തെ കൈവിടാതെ മുന്നോട്ടു പോകാൻ മുസ്‌ലിംകൾ കരുത്താർജിക്കണമെന്നും അദ്ദേഹം ഓർമപ്പെടുത്തി. രാഷ്ട്രീയം പൊതുജനക്ഷേമത്തിലും രാജ്യതാൽപര്യങ്ങൾക്കുമുള്ളതാണെന്നും മതവും രാഷ്ട്രീയവും കൂട്ടിക്കുഴച്ചതിന്റെ തിക്തഫലമാണ് ഗുജറാത്തിലും മാലേഗാവിലും മുംബൈയിലും നാമനുഭവിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു” (ഗൾഫ് മാധ്യമം, 2008 ഡിസംബർ 28, സുഊദി അറേബ്യ).*

*കലുഷമായിക്കൊണ്ടിരിക്കുന്ന വർത്തമാന കാലഘട്ടത്തിൽ സ്വൂഫീമാർഗത്തിലൂടെ ഇസ്‌ലാമിന്റെ പ്രചാരമെന്ന പ്രചാരണം പ്രസക്തമല്ലേ? സ്വൂഫിസം കൈവെടിഞ്ഞ് ഇസ്‌ലാം തനി രാഷ്ട്രീയമായപ്പോൾ ഇസ്‌ലാമിന് കനത്ത വിലയല്ലേ നൽകേണ്ടിവന്നത്? ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സംഭവിച്ച ഏറ്റവും വലിയ തിരിച്ചടിയും ഈ രാഷ്ട്രീയ അവതരണമായിരുന്നില്ലേ?*

***ശംസീർ ശബീർ പള്ളിക്കൽ, രിയാദ്***

**ആ**ത്മസംസ്‌കരണപരമായ തസവ്വുഫിനെ അംഗീകരിക്കുകയും സ്വാംശീകരിക്കുകയും ചെയ്തവരാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ. ഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥാപകൻ ശഹീദ് ഹസനുൽ ബന്നാ സ്വൂഫീവര്യനായിരുന്നു; ശൈഖ് ഹുസാമുദ്ദീന്റെ ത്വരീഖത്തിൽ അദ്ദേഹം പങ്കാളിയാവുകയും ചെയ്തിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ഉപജ്ഞാതാവായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ നാമം തന്നെ തന്റെ പ്രപിതാമഹനായ ഹസ്രത്ത് അബുൽ അഅ്‌ലാ മൗദൂദി ചിഷ്തി (ചരമം ഹി. 935)യുടേതാണ്. ഖാജാ മുഈനുദ്ദീൻ ചിഷ്തി (റ), ശൈഖ് നിസാമുദ്ദീൻ(റ) തുടങ്ങിയ സമാദരണീയരായ സ്വൂഫീവര്യന്മാരിലൂടെയാണ് ഉത്തരേന്ത്യയിൽ ഇസ്‌ലാം പ്രചരിച്ചതെന്നതും വസ്തുതയാണ്. *ഇസ്‌ലാംമതം* എന്ന ഗ്രന്ഥത്തിൽ മൗദൂദി തസവ്വുഫിന്റെ യഥാർഥവും വഴിതെറ്റിയതുമായ രൂപങ്ങളെ സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ സാമൂഹിക ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല സത്യസന്ധമായ തസവ്വുഫ്. ഉമവി ഭരണാധികാരിയായിരുന്ന ഉമറുബ്നുൽ അബ്ദിൽ അസീസിനേക്കാൾ മാതൃകാ യോഗ്യനായ ഒരു സ്വൂഫിയെ സങ്കൽപിക്കാനാവുമോ? രാജകീയ ജീവിതത്തിന്റെ സർവ ആസ്വാദ്യതകളും പാടേ ഉപേക്ഷിച്ച് ജനക്ഷേമത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച മഹാത്മാവായിരുന്നു അദ്ദേഹം. മതാധിഷ്ഠിത രാഷ്ട്രസങ്കൽപം എന്നാൽ പൗരോഹിത്യവാഴ്ച എന്നാണർഥം. അത് ഇസ്‌ലാമിൽ ഇല്ല. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പാടേ നിരാകരിച്ച ആശയമാണത്. കലുഷമായ വർത്തമാനകാലത്ത് ഇസ്‌ലാമിക ജനാധിപത്യത്തിന്റെയും സമത്വത്തിന്റെയും സാമൂഹിക നീതിയുടെയും മഹത്തായ സന്ദേശം ജീവിതവിശുദ്ധിയിലൂടെയും പ്രബോധനത്തിലൂടെയും ലോകത്ത് പകർന്നുനൽകുകയാണ് വേണ്ടത്; സ്വൂഫിസത്തിന് സ്തുതിപാടുകയും ഒപ്പം ദുഷിച്ച അധാർമികതയുടെ പടുകുഴിയിലെത്തിയ പാർട്ടികളുടെ സ്ഥാനമാനങ്ങൾക്ക് വേണ്ടി നെട്ടോട്ടമോടുകയുമല്ല. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഒരു തിരിച്ചടിയും നേരിട്ടിട്ടില്ല. വേണ്ടുവോളം തെറ്റിദ്ധരിപ്പിക്കപ്പെട്ട ജനസമൂഹത്തിന് സത്യം ബോധ്യപ്പെടാൻ സമയമെടുക്കും. അതുവരെ അജ്ഞത മൂലം അവർ മോശമായി പ്രതികരിക്കുന്നത് തിരിച്ചടിയായി കാണാനാവില്ല.

## സുന്നികളുടെ രാഷ്ട്രീയം

■ *“സുന്നികൾ ഒരു രാഷ്ട്രീയ പാർട്ടിയുടെയും അടിമകളല്ല. അവർക്ക് രാഷ്ട്രീയമില്ല. സുന്നികൾ പലർക്കും വോട്ട് ചെയ്തിട്ടുണ്ടാവാം. പക്ഷേ ആർക്കും അവരെ സ്വാധീനിക്കാൻ കഴിയില്ല. സഹകരിക്കുന്നവരോട് സഹകരിക്കും, അല്ലാത്തവരെ ഇരുത്തേണ്ടിടത്ത് ഇരുത്തും”– കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. മുജീബ് എന്തു പറയുന്നു?*

***റശീദ് വെളിയങ്കോട് അബൂദബി***

**സു**ന്നികളെന്ന് സ്വയം വിളിക്കുന്നവർക്ക് ഏക സംഘടനയോ ഏകീകൃത നേതൃത്വമോ ഇല്ലെന്നിരിക്കെ ഈ അവകാശവാദത്തിന് അർഥമില്ല. തന്റെ പിന്നിലുള്ള സുന്നികളെക്കുറിച്ചുപോലും കാന്തപുരം നടത്തുന്നത് അതിരുകവിഞ്ഞ അവകാശവാദമാണ്. പല രാഷ്ട്രീയ പാർട്ടികളുടെയും സജീവ പ്രവർത്തകരാണവരിൽ വലിയ പങ്ക്. മതനേതൃത്വം എന്തു പറഞ്ഞാലും അത് രാഷ്ട്രീയത്തിന് ബാധകമല്ലെന്നതാണ് അണികളുടെ നിലപാട്, അതാണവരെ പഠിപ്പിച്ചതും. സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ഇ.കെ വിഭാഗം മുസ്‌ലിം ലീഗിന് വിധേയരാണെന്ന പരാതി കാന്തപുരം അബൂബക്കർ മുസ്‌ലിയാർക്ക് തന്നെയുണ്ടല്ലോ. അവരാകട്ടെ കാന്തപുരത്തെ അരിവാൾ സുന്നികളെന്ന് ആക്ഷേപിച്ചവരാണ്. രാഷ്ട്രീയ പാർട്ടികൾ സുന്നി സാധാരണക്കാരെ പങ്കുവെച്ചെടുത്തിരിക്കുന്നു എന്നതാണ് സത്യം. അതിനാൽ കൃത്യവും ദൃഢവുമായ ഒരു രാഷ്ട്രീയ നിലപാടെടുക്കാൻ അവർക്ക് സാധ്യമല്ല. ഈ ബലഹീനത മറച്ചുവെക്കാൻ വീരവാദങ്ങൾ മുഴക്കുന്നു എന്നേയുള്ളൂ.

## മുസ്‌ലിം തീവ്രവാദവും ലീഗും

■ *“കേരളത്തിൽ ലീഗ് ക്ഷീണിച്ചപ്പോഴൊക്കെ മുസ്‌ലിം തീവ്രവാദവും, ദേശീയതലത്തിൽ കോൺഗ്രസ് ക്ഷീണിച്ചപ്പോഴൊക്കെ ഹിന്ദുവർഗീയതയും ശക്തിപ്പെട്ടു”– എം.എസ്.എഫ് ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാറിൽ എ.പി അബ്ദുല്ല കുട്ടി എം.പി*

*(ഗൾഫ് മാധ്യമം 24.1.09). ഏകദേശം മൂന്ന് മാസം മുമ്പ് മലപ്പുറത്തും, ഈയിടെ സുഊദി അറേബ്യയിൽ വന്നപ്പോൾ കെ.എം.സി.സി നൽകിയ സ്വീകരണത്തിൽ ദമ്മാമിൽ വെച്ചും രമേശ് ചെന്നിത്തലയും പ്രസ്താവിച്ചു, ലീഗിന്റെ തളർച്ച മുസ്‌ലിം തീവ്രവാദത്തിന് വളമാകുമെന്ന്.*

*ഈ പ്രസ്താവനകളും യാഥാർഥ്യവും തമ്മിലുള്ള ബന്ധം വിശദീകരിക്കാമോ?*

***എം.പി അബ്ദുൽ അസീസ് ജിദ്ദ***

**കോ**ൺഗ്രസ്സും മുസ്‌ലിം ലീഗും എന്തുകൊണ്ട് ക്ഷീണിച്ചു എന്നാണ് രമേശ് ചെന്നിത്തലയും എ.പി അബ്ദുല്ലക്കുട്ടിയും ഒന്നാമതായി വിശദീകരിക്കേണ്ടത്. ക്ഷീണിച്ചത് തീവ്രവാദികളോ അതോ രണ്ടു പാർട്ടികളുടെയും സ്വന്തക്കാരോ? സാമാന്യ ധാരണയനുസരിച്ച് പാർട്ടികൾ നേരിട്ട തിരിച്ചടികൾക്ക് ഉത്തരവാദികൾ കഴിവുകെട്ട നേതൃത്വവും തെറ്റായ നയനിലപാടുകളുമാണ്; തിരുത്തേണ്ടതും അവർ തന്നെ. ലോക്സഭ, നിയമസഭ തെരഞ്ഞെടുപ്പുകളിൽ നേരിട്ട വൻ തിരിച്ചടികളെത്തുടർന്ന് പരാജയകാരണങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്താൻ മുസ്‌ലിം ലീഗ് വിപുലമായ നേതൃയോഗം വിളിച്ചുചേർക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. പിന്നീടെന്തുണ്ടായി എന്ന് അവർക്കാണറിയുക.

രാജ്യം നേരിടുന്ന യഥാർഥ ഭീഷണി ഭൂരിപക്ഷ ഫാഷിസത്തിന്റേതാണ്. അതിന്റെ പ്രതികരണമാണ് സമീപകാലത്ത് മുളപൊട്ടിത്തുടങ്ങിയ ന്യൂനപക്ഷ തീവ്രവാദം. മൗലിക കാരണത്തെ ഫലപ്രദമായി നേരിടാതെ പ്രത്യാഘാതങ്ങളെ ഒതുക്കുക എളുപ്പമല്ല. ദേശീയതലത്തിൽ കോൺഗ്രസ് ചെയ്യുന്നതാവട്ടെ, തീവ്ര ഹിന്ദുത്വത്തെ മൃദു ഹിന്ദുത്വം കൊണ്ട് നേരിടുകയെന്ന മഹാബദ്ധവും. വ്യാജ ഏറ്റുമുട്ടലുകളെ ശക്തിയായി ന്യായീകരിക്കുകയും വിദ്യാസമ്പന്നരായ മുസ്‌ലിംയുവാക്കളെ വിവേചനരഹിതമായി വേട്ടയാടുകയും യുദ്ധജ്വരം വളർത്തുകയും ചെയ്യുന്ന കോൺഗ്രസിന്റെ ചെയ്തികൾ തീവ്രവാദികളെ ഇല്ലാതാക്കുകയോ വളർത്തുകയോ ചെയ്യുക എന്ന് അബ്ദുല്ലക്കുട്ടിയും ചെന്നിത്തലയും ആലോചിക്കണം. അമേരിക്കൻ സാമ്രാജ്യത്വത്തിന് വിടുവേലയും ഇസ്രയേൽ എന്ന തെമ്മാടി രാഷ്ട്രത്തോടുള്ള അഗാധമായ കൂട്ടുകെട്ടും കോൺഗ്രസ്സിനെക്കുറിച്ച് ന്യൂനപക്ഷങ്ങളിലുണ്ടാക്കുന്ന പ്രതികരണം വ്യക്തമാണ്. യു.പി.എ ഘടകമായ മുസ്‌ലിം ലീഗിനാകട്ടെ ഇതിനെതിരെ വിരലനക്കാൻ പോലും സാധിക്കുന്നുമില്ല. മിതവാദം ഭീരുത്വമാവുമ്പോൾ തീവ്രവാദം വളരുന്നു എന്ന് വിലപിച്ചിട്ടെന്തുകാര്യം! ■